ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08-02-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. **ഇന്ത്യ-മലേഷ്യ നയതന്ത്ര പങ്കാളിത്തത്തിന് ഗതിവേഗം പകർന്ന് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മലേഷ്യ സന്ദർശനം; വ്യാപാരം, നിക്ഷേപം, സാങ്കേതികവിദ്യ എന്നീ മേഖലകളിൽ സഹകരണം ആഴത്തിലാക്കും.**

   **Prime Minister Narendra Modi's visit to Malaysia provides fresh momentum to India-Malaysia diplomatic partnership; Cooperation in trade, investment, and technology to be deepened.**

2. **പ്രധാനമന്ത്രി വിദ്യാർഥികളുമായി സംവദിക്കുന്ന 'പരീക്ഷാ പേ ചർച്ച' 9-ാം പതിപ്പിന്റെ രണ്ടാം ഭാഗം നാളെ.**

   **The second part of the 9th edition of 'Pariksha Pe Charcha', the Prime Minister's interaction with students, to be held tomorrow.**

3. **ഇന്ത്യ-അമേരിക്ക ഇടക്കാല വ്യാപാര കരാർ കർഷകരുടെ താൽപര്യങ്ങൾ പൂർണ്ണമായും സംരക്ഷിക്കുന്നതെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിങ് ചൗഹാൻ.**

   **Union Minister Shivraj Singh Chouhan asserts that the India-US interim trade agreement fully protects the interests of farmers.**

4. **അടിസ്ഥാന കായികസാക്ഷരത ഉറപ്പാക്കുന്ന കായിക സംസ്കാരം കേരളത്തിൽ വളർത്തിയെടുത്തിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

**Chief Minister Pinarayi Vijayan says a sports culture ensuring basic sports literacy has been nurtured in Kerala.**

5. പ്രസിദ്ധമായ മാരാമൺ കൺവൻഷന്റെ 131-ാമത് പതിപ്പിനു പത്തനംതിട്ടയിൽ തുടക്കമായി.

**The 131st Maramon Convention begins in Pathanamthitta.**

6. സന്തോഷ് ട്രോഫി ഫുട്ബോൾ കിരീടം സർവീസസിന്; ഏഷ്യൻ റൈഫിൾ ചാമ്പ്യൻഷിപ്പിൽ മിക്സഡ് ടീം ഇനത്തിൽ ഇന്ത്യൻ സഖ്യത്തിന് ലോകറെക്കോഡോടെ സ്വർണം.

**Services clinch the Santosh Trophy football title; Indian duo bags gold with a world record in the mixed team event at the Asian Rifle Championship.**

&&&&&&&&&&&&&&&

## PRESIDENT - TRIBUTES

മുൻ രാഷ്ട്രപതി സാക്കിർ ഹുസൈന്റെ ജന്മവാർഷിക ദിനത്തിൽ ആദരമർപ്പിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു. രാഷ്ട്രപതിഭവനിൽ സാക്കിർ ഹുസൈന്റെ ചിത്രത്തിന് മുന്നിൽ ശ്രീമതി ദ്രൗപദി മുർമു പുഷ്പങ്ങൾ അർപ്പിച്ചു. ഇന്ത്യയുടെ മൂന്നാമത്തെ രാഷ്ട്രപതിയായിരുന്നു ഡോ. ഹുസൈൻ.

&&&&&&&&&&&&&&&

## INDIA- MALAYSIA STATEMENT-INTRO

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ട് ദിവസത്തെ മലേഷ്യ സന്ദർശനം സമാപിച്ചു. ഇരുരാജ്യങ്ങളും തമ്മിലുള്ള ആഴത്തിലുള്ള സൗഹൃദത്തെ സന്ദർശനം പ്രതിഫലിപ്പിച്ചതായി സംയുക്തപ്രസ്താവന വ്യക്തമാക്കി. ഇന്ത്യ-മലേഷ്യ സമഗ്ര തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുള്ള പ്രതിജ്ഞാബദ്ധതയും സന്ദർശനം ഊട്ടിയുറപ്പിച്ചു.

ഒരു റിപ്പോർട്ട്...

(ഹോൾഡ് വോയിസ്)

## INDIA- MALAYSIA STATEMENT-VOICE

ഭീകരവാദത്തിനെതിരെ ഇന്ത്യയും മലേഷ്യയും വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കുമെന്ന് മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമുമായി നടത്തിയ കൂടിക്കാഴ്ചക്ക് ശേഷം പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. വ്യാപാരസൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും, അർധചാലകങ്ങൾ, ഡിജിറ്റൽ സമ്പദ്വ്യവസ്ഥ ഉൾപ്പെടെയുള്ള മേഖലകളിൽ സഹകരണ സാദ്ധ്യതകൾ പരിശോധിക്കാനും യോഗത്തിൽ ധാരണയായി. ഭക്ഷ്യസുരക്ഷയിലും പോഷകാഹാര രംഗത്തും പങ്കാളിത്തം വർധിപ്പിക്കും. ഐക്യരാഷ്ട്രസഭ ഉൾപ്പെടെയുള്ള ബഹുതല വേദികളിലും പരസ്പര സഹകരണം കരുത്തുറ്റതാക്കും. അന്താരാഷ്ട്ര സൗരോർജ സഖ്യം സ്ഥാപിക്കുന്നതിൽ ഇന്ത്യയുടെ പങ്കിനെ മലേഷ്യ അഭിനന്ദിച്ചു. മലേഷ്യയും ഇന്ത്യയും തമ്മിലുള്ള പ്രതിരോധ ബന്ധം ശക്തിപ്പെടുന്നതിൽ നേതാക്കൾ സംതൃപ്തി രേഖപ്പെടുത്തി. ഇന്ത്യയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉന്നതപഠനത്തിന് അവസരമൊരുക്കുന്ന 'സ്റ്റഡി ഇൻ ഇന്ത്യ' പദ്ധതി പ്രയോജനപ്പെടുത്താൻ ശ്രീ നരേന്ദ്ര മോദി മലേഷ്യൻ വിദ്യാർഥികളെ ക്ഷണിച്ചു. സന്ദർശനവേളയിൽ നൽകിയ ഊഷ്മളമായ സ്വീകരണത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി, മലേഷ്യൻ ജനതയോടും പ്രധാനമന്ത്രി അൻവർ ഇബ്രാഹിമിനോടും നന്ദി രേഖപ്പെടുത്തി.

ന്യൂസ് ഡെസ്ക്, ആകാശവാണി

&&&&&&&&&&&&&&&

## PM - INDUSTRY LEADERS

മലേഷ്യൻ സന്ദർശനത്തിനിടെ പ്രധാനമന്ത്രി നരേന്ദ്ര മോദി നാല് പ്രമുഖ മലേഷ്യൻ വ്യവസായ നേതാക്കളുമായി കൂടിക്കാഴ്ച നടത്തി. അടിസ്ഥാനസൗകര്യ വികസനം, പുനരുപയോഗ ഊർജ്ജം, ഡിജിറ്റൽ സാങ്കേതികവിദ്യ, സെമികണ്ടക്ടറുകൾ, നിർമ്മിതബുദ്ധി, ആരോഗ്യ സംരക്ഷണം തുടങ്ങിയ മേഖലകളിൽ ഇന്ത്യ വാഗ്ദാനം

ചെയ്യുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്താൻ അദ്ദേഹം മലേഷ്യൻ കമ്പനികളെ പ്രോത്സാഹിപ്പിച്ചു.

&&&&&&&&&&&&&&&

## PARIKSHA PE CHARCHA

പ്രധാനമന്ത്രി നരേന്ദ്ര മോദി വിദ്യാർഥികളുമായി സംവദിക്കുന്ന പരീക്ഷാ പേ ചർച്ച 9-ാം പതിപ്പിൻറെ രണ്ടാം ഭാഗം നാളെ. രാവിലെ 10 മുതൽ പരിപാടി പ്രക്ഷേപണം ചെയ്യും. രണ്ടാം ഭാഗത്തിൽ തമിഴ്നാട്, ഛത്തീസ്ഗഢ്, ഗുജറാത്ത്, അസം എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുമായി പ്രധാനമന്ത്രി സംവദിക്കും. ആകാശവാണിയുടെ എല്ലാ നിലയങ്ങളിലും യൂട്യൂബ് ചാനലിലും പരിപാടി ലഭ്യമാകും.

&&&&&&&&&&&&&&&

## AMIT SHAH- MEETINGS

ഛത്തീസ്ഗഢിൽ ഇടതു തീവ്രവാദബാധിത പ്രദേശങ്ങളിലെ സുരക്ഷാക്രമീകരണങ്ങളും വികസനപദ്ധതികളും അവലോകനം ചെയ്യാൻ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഉന്നതതല യോഗങ്ങൾ ചേർന്നു. കേന്ദ്രമന്ത്രിയുടെ മൂന്ന് ദിവസത്തെ ഛത്തീസ്ഗഢ് സന്ദർശനം ഇന്നലെയാണ് ആരംഭിച്ചത്. നാളെ ജഗദൽപുരിൽ, ബസ്തർ പാണ്ഡം ഉത്സവത്തിന്റെ സമാപനച്ചടങ്ങിൽ ശ്രീ അമിത് ഷാ പങ്കെടുക്കും.

&&&&&&&&&&&&&&&

## JADHAV-AYUSH AND CGHS

രാജ്യത്തെ ആരോഗ്യസേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ ശക്തമായ നടപടികളാണ് സ്വീകരിക്കുന്നതെന്ന് കേന്ദ്ര ആയുഷ് സഹമന്ത്രി പ്രതാപ്റാവു ജാദവ്. ഛത്രപതി സംഭാജിനഗറിൽ ആയുഷ് ,സി.ജി.എച്ച്.എസ് വെൽനസ് സെന്ററിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. സർക്കാരിന്റെ ആരോഗ്യപദ്ധതിക്കു കീഴിൽ ആയുർവേദവും മറ്റ്

പരമ്പരാഗത ചികിത്സാ രീതികളും ഈ കേന്ദ്രത്തിലൂടെ ലഭ്യമാക്കുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&

## CM- KASARGOD STADIUM

അടിസ്ഥാന കായിക സാക്ഷരത ഉറപ്പുവരുത്തുന്ന കായിക സംസ്കാരം കേരളത്തിൽ വളർത്തിയെടുത്തിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കാസർകോട് ജില്ലാതല വിവിധോദ്ദേശ്യ സ്റ്റേഡിയം നടക്കാവിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എല്ലാ പഞ്ചായത്തുകളിലും മൈതാനങ്ങൾ നിർമ്മിക്കുന്ന പ്രവർത്തനം അവസാനഘട്ടത്തിലാണ്. ഇനി എല്ലാ വാർഡുകളിലും മൈതാനങ്ങൾ സാധ്യമാക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&

## MARAMON CONVENTION

പ്രസിദ്ധമായ മാരാമൺ കൺവൻഷന്റെ 131-ാാം പതിപ്പിനു തുടക്കമായി. മലങ്കര മാർത്തോമ്മാ സുറിയാനി സഭാ അധ്യക്ഷൻ തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലിത്ത ഉദ്ഘാടനം ചെയ്തു. പത്തനംതിട്ടയിൽ, പമ്പാനദിയിലെ മാരാമൺ മണൽപ്പുറത്ത് പ്രത്യേകം തയ്യാറാക്കിയ പന്തലിൽ നടക്കുന്ന കൺവൻഷൻ ഈ മാസം 15-ന് സമാപിക്കും.

&&&&&&&&&&&&&&&

## CM KERALA

സിയാൽ എയ്റോ പാർക്ക് ആദ്യ ഘട്ടം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഉദ്ഘാടനം ചെയ്യും. വ്യോമയാന മേഖലയിലെ അറ്റകുറ്റപ്പണികൾ, പരിശീലനം, സാങ്കേതിക സഹായ സേവനങ്ങൾ എന്നിവ ഒരു കുടക്കീഴിൽ ലഭ്യമാക്കുകയാണ് പാർക്കിന്റെ ലക്ഷ്യം. കളമശ്ശേരി മെഡിക്കൽ കോളേജ് ക്യാമ്പസിൽ നിർമിച്ച കൊച്ചിൻ ക്യാൻസർ റിസർച്ച് സെൻററിൻറെ പുതിയ കെട്ടിടവും മുഖ്യമന്ത്രി നാളെ നാടിന് സമർപ്പിക്കും.

&&&&&&&&&&&&&&&

## KERALA SIR

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. ഈ മാസം 21 ന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുമെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

&&&&&&&&&&&&&&&

## CHAUHAN-INDO US TRADE- INTRO

ഇന്ത്യ- അമേരിക്ക വ്യാപാര കരാറിനെ സംബന്ധിച്ച കോൺഗ്രസ് വിമർശനങ്ങളെ തള്ളി കേന്ദ്രമന്ത്രി ശിവരാജ് സിങ് ചൗഹാൻ. കരാർ കൃഷിയെയും കർഷകതാൽപര്യങ്ങളെയും പൂർണ്ണമായി സംരക്ഷിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ജനിതകമാറ്റം വരുത്തിയ ഉൽപ്പന്നങ്ങൾ ഇന്ത്യ അനുവദിക്കില്ല. കരാർ കർഷകരുടെ ഉപജീവനമാർഗ്ഗം സംരക്ഷിക്കുന്നുവെന്നും, പ്രതിപക്ഷം അനാവശ്യമായ ഭയം സൃഷ്ടിക്കുകയാണെന്നും ശിവരാജ് സിങ് ചൗഹാൻ പറഞ്ഞു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&

## SANTHOSH TROPHY

സന്തോഷ് ട്രോഫി ഫുട്ബോൾ കിരീടം സർവീസസിന്. ഫൈനലിൽ കേരളത്തെ ഏകപക്ഷീയമായ ഒരു ഗോളിന് പരാജയപ്പെടുത്തി.

&&&&&&&&&&&&&&&

## SHOOTING CHAMPIONSHIP

ന്യൂഡൽഹിയിൽ നടന്ന ഏഷ്യൻ റൈഫിൾ-പിസ്റ്റൾ ചാമ്പ്യൻഷിപ്പ് 10 മീറ്റർ എയർ റൈഫിൾ മിക്സഡ് ടീമിനത്തിൽ ഇന്ത്യൻ

സഖ്യത്തിനു സ്വർണം. **അർജുൻ** ബാബൂത- **ഇളവേനിൽ** **വാളറിവൻ** സഖ്യമാണ് ലോക റെക്കോഡോടെ സ്വർണം നേടിയത്.

**&&&&&&&&&&&&&&&**

## T- 20 CRICKET

പുരുഷ ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പിൽ നേപ്പാളിനെതിരെ ഇംഗ്ലണ്ടിന് 4 റൺ ജയം. 185 റൺ വിജയലക്ഷ്യം പിന്തുടർന്ന നേപ്പാളിന് 20 ഓവറിൽ 6 വിക്കറ്റിന് 180 റൺ എടുക്കാനേ സാധിച്ചുള്ളൂ. ഇന്ന് നടന്ന ആദ്യ മത്സരത്തിൽ ന്യൂസിലാൻഡ്, അഫ്ഗാനിസ്ഥാനെ 5 വിക്കറ്റിനു പരാജയപ്പെടുത്തി. മൂന്നാം മത്സരത്തിൽ ടോസ് നേടിയ അയർലൻഡ്, ശ്രീലങ്കയെ ബാറ്റിങ്ങിനയച്ചു.

**&&&&&&&&&&&&&&&**

## SHEKHAWAT - BUDGET

സ്ഥിരതയും സുസ്ഥിര വികസനവും പ്രതിഫലിപ്പിക്കുന്നതാണ് ഇത്തവണത്തെ കേന്ദ്ര ബജറ്റെന്ന് കേന്ദ്രമന്ത്രി ഗജേന്ദ്ര സിങ് ശെഖാവത്. ഷിംലയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

**&&&&&&&&&&&&&&&**

## VISAKHAPATNAM-BUDGET

സമഗ്രമായ വളർച്ച, കരുത്തുറ്റ അടിസ്ഥാനസൗകര്യങ്ങൾ, ഭാവിക്ക് വേണ്ടിയുള്ള പരിഷ്കാരങ്ങൾ എന്നിവ ലക്ഷ്യമിട്ടുള്ളതാണ് കേന്ദ്ര ബജറ്റെന്ന് കേന്ദ്ര സഹമന്ത്രി പെമ്മസാനി ചന്ദ്രശേഖർ. വിശാഖപട്ടണത്ത് മാധ്യമസംവാദത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

**&&&&&&&&&&&&&&&**

## INCOME TAX

2026-ലെ കരട് ആദായനികുതി നിയമങ്ങളും ഫോമുകളും സംബന്ധിച്ച്, പൊതുജനങ്ങളിൽ നിന്നുൾപ്പെടെ, കേന്ദ്രസർക്കാർ അഭിപ്രായങ്ങൾ ക്ഷണിച്ചു. ഈ മാസം 22 വരെ ആദായനികുതി വകുപ്പ് പോർട്ടലിലൂടെ അഭിപ്രായങ്ങൾ അറിയിക്കാം.

&&&&&&&&&&&&&&&

## LAKSHADWEEP-FLIGHT

കൊച്ചി-ലക്ഷദ്വീപ് പാതയിൽ പുതിയ പ്രതിദിന വിമാന സർവീസിനു നാളെ തുടക്കമാകും. അഗത്തിയിൽനിന്ന് രാവിലെ 9.50-ന് പുറപ്പെടുന്ന വിമാനം 10.50-ന് കൊച്ചിയിലെത്തും. തിരികെ കൊച്ചിയിൽനിന്ന് രാവിലെ 11.20-ന് പുറപ്പെടുന്ന വിമാനം ഉച്ചയ്ക്ക് 12.45-ഓടെ അഗത്തിയിലെത്തും.

&&&&&&&&&&&&&&&

## RUSSIA- UKRAINE ATTACK

കിഴക്കൻ യുക്രെയ്നിലെ ജനവാസ മേഖലയിൽ റഷ്യ നടത്തിയ വ്യോമാക്രമണത്തിൽ ഒരാൾ കൊല്ലപ്പെട്ടു. രണ്ട് പേർക്ക് പരിക്ക്. ഒൻപത് നിലകളുള്ള പാർപ്പിട സമുച്ചയത്തിൽ തീപിടിത്തമുണ്ടായതായി യുക്രെയ്ൻ സ്റ്റേറ്റ് എമർജൻസി സർവീസ് അറിയിച്ചു. സമാധാന കരാറിലെത്താൻ യുക്രെയ്നും റഷ്യയ്ക്കും ഈ വർഷം ജൂൺ വരെ അമേരിക്ക സമയം അനുവദിച്ചിട്ടുണ്ടെന്ന് യുക്രെയ്ൻ പ്രസിഡന്റ് വോലോഡൈമർ സെലെൻസ്കി പ്രസ്താവിച്ചതിന് പിന്നാലെയാണ് ആക്രമണം.

&&&&&&&&&&&&&&&

## UIDAI-MBU

സ്കൂൾ കുട്ടികൾക്കായുള്ള ആധാർ വിവരങ്ങൾ പുതുക്കുന്ന പ്രക്രിയ യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ വിജയകരമായി പൂർത്തിയാക്കി. ഒരു കോടിയിലധികം നിർബന്ധിത ബയോമെട്രിക് അപ്ഡേഷനുകളാണ് പൂർത്തിയാക്കിയത്.

&&&&&&&&&&&&&&&

## SURAJKUND-SWING COLLAPSE

ഹരിയാനയിലെ സൂരജ് കുണ്ഡ് മേളയിൽ യന്ത്ര ഊഞ്ഞാൽ തകർന്ന് പരിക്കേറ്റവരുടെ ചികിത്സാ ചിലവ് ഹരിയാന സർക്കാർ വഹിക്കും. അമ്യൂസ്മെന്റ് പാർക്ക് ഉടൻ അടച്ചുപൂട്ടിയതായും, സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ സമിതി രൂപീകരിച്ചിട്ടുണ്ടെന്നും വിനോദസഞ്ചാര വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ അറിയിച്ചു. ഇന്നലെ വൈകിട്ടാണ് അപകടം ഉണ്ടായത്. രക്ഷാപ്രവർത്തനത്തിനിടെ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഇൻസ്പെക്ടർ മരിച്ചിരുന്നു.

&&&&&&&&&&&&&&&

## DELHI- EV BUSES

ഡൽഹിയിൽ പുതിയ അഞ്ഞൂറ് വൈദ്യുത ബസുകൾ മുഖ്യമന്ത്രി രേഖ ഗുപ്ത ഫ്ലാഗ് ഓഫ് ചെയ്തു. ഡൽഹി-പാനിപത്ത് ബസ് സർവീസിനും അവർ തുടക്കം കുറിച്ചു.

&&&&&&&&&&&&&&&

## MAHARASHTRA-CM- SEYCHELLES PREZ

മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നവീസ് മുംബൈയിൽ സീഷെൽസ് പ്രസിഡന്റ് പാട്രിക് ഹെർമിനിയുമായി കൂടിക്കാഴ്ച നടത്തി. തുറമുഖവികസനം, മഹാരാഷ്ട്രയും സീഷെൽസും തമ്മിലുള്ള സഹകരണം മെച്ചപ്പെടുത്തുന്നതിനുള്ള അവസരങ്ങൾ എന്നിവ ചർച്ചയായെന്ന് ശ്രീ ഫഡ്നവീസ് സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&

## SHIMLA - EXAMINATIONS

ഹിമാചൽ പ്രദേശിൽ പൊതുപരീക്ഷകളിൽ തെറ്റായ മാർഗ്ഗങ്ങൾ അവലംബിക്കുന്നത് തടയുന്ന നിയമം നാളെ പ്രാബല്യത്തിൽ വരും. ഇതുസംബന്ധിച്ച് ഹിമാചൽ സർക്കാർ ഔദ്യോഗിക വിജ്ഞാപനം പുറപ്പെടുവിച്ചു. പൊതു പരീക്ഷകളിൽ സുതാര്യത നിലനിർത്തുകയാണ് നിയമത്തിന്റെ ലക്ഷ്യം.

**&&&&&&&&&&&&&&&**

**&&&&&&&&&**

**&&&**